പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2069 **26-10-2026-ൽ മറുപടിയ്ക്ക്**

പുതിയ റേഷൻ കാർഡിനായുള്ള അപേക്ഷകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. അനുപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ മുൻഗണനാ, അന്ത്യോദയ അന്നയോജന വിഭാഗങ്ങളിലായി പുതിയ റേഷൻ കാർഡിനായുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട് എന്നത് അറിയിക്കാമോ;

മറുപടി: മുൻഗണനാ വിഭാഗത്തിലേക്ക് (PHH) റേഷൻ കാർഡ് തരംമാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കുന്നത്. ഓൺലൈനായി ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.

എന്നാൽ AAY വിഭാഗത്തിലേക്ക് റേഷൻ കാർഡ് തരംമാറ്റുന്നതിനായി മാനുവലായി ലഭിച്ച 14 അപേക്ഷകൾ, ഒഴിവുകൾ ലഭ്യമല്ലാത്തതിനാൽ,നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

(ബി) കാർഡ് അനുവദിക്കുന്നതിലുള്ള ശരാശരി കാലതാമസം എത്രയാണ്;

മറുപടി: മുൻഗണനാ വിഭാഗങ്ങളിലേക്ക് റേഷൻ കാർഡ് തരംമാറ്റുന്നതിനായി പ്രത്യേക സമയപരിധി നിശ്ചയിച്ചിട്ടില്ല. ഓൺലൈൻ മുഖേന അപേക്ഷകൾ സ്വീകരിച്ച്, തുടർനടപടികൾ പൂർത്തിയാക്കി അർഹതയുള്ള അപേക്ഷകർക്ക് ക്രമമനുസരിച്ച് മുൻഗണനാ വിഭാഗങ്ങളിലേക്ക് തരംമാറ്റി നൽകിവരുന്നു.

എന്നാൽ ഗുരുതരമായ രോഗബാധമൂലം ഭക്ഷ്യഭദ്രതാ പ്രതിസന്ധി നേരിടുന്ന കുടുംബങ്ങളിൽനിന്ന് ലഭിക്കുന്ന അപേക്ഷകളിൽ താലൂക്ക് സപ്ലൈ ഓഫീസ് തലത്തിൽ വിശദമായ ഫീൽഡ്തല അന്വേഷണം നടത്തി, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലേക്ക് ലഭ്യമാകുന്ന റിപ്പോർട്ട് പരിശോധിച്ച് നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതായി കണ്ടെത്തുന്ന അപേക്ഷകൾ ലഭ്യമായ ഒഴിവുകൾക്കനുസരിച്ച് പ്രത്യേക കേസുകളായി പരിഗണിച്ച് മുൻഗണനാ വിഭാഗത്തിലേക്ക് തരംമാറ്റി നൽകുന്നു. ഈ നടപടി നിരന്തര പ്രക്രിയയായി നടന്നുവരുന്നതാണ്.

(സി) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് നല്കുന്നതിന് പ്രത്യേക പരിഗണന നല്കുമോ?

മറുപടി: മുൻഗണനാ വിഭാഗത്തിലേക്ക് റേഷൻ കാർഡ് തരംമാറ്റുന്നതിനും, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 18.09.2017-ലെ സ.ഉ.(സാധാ) നം. 320/2017/ഭ.പൊ.വി.വ., ഉത്തരവ് പ്രകാരം പ്രത്യേക പരിഗണന നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ